പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 393** **27.9.2011-ൽ മറുപടിക്ക്**

**മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) എല്ലാ പഞ്ചായത്തു പ്രദേശങ്ങളിലും പഞ്ചായത്തു വകുപ്പിന്റെ ഉടമസ്ഥതയിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഗ്രാമപഞ്ചായത്തുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. കൂടാതെ 2000-ലെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ (ഖരമാലിന്യ കൈകാര്യ ചട്ടങ്ങൾ) നിയമ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടാകുന്ന ഖരമാലിന്യ ശേഖരണം, പരവഹണം, സംസ്കരണം, നിർമ്മാർജ്ജനം എന്നിവ നിർവഹിക്കേ ണ്ടത് ഗ്രാമപഞ്ചായത്തിന്റെ നിയമപരമായ ചുമതലയാണ്. ഇതിലേയ്ക്ക് ആവശ്യമായ സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖാന്തിരം നൽകി വരുന്നു. നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രാമുഖ്യം നൽകി ഖരമാലിന്യ പദ്ധതി തയ്യാറാക്കി വരുന്നു. |
| ബി) വ്യാപകമായ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള ഒരു സമഗ്രപദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ